പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1858 01.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിലെ മിനിസ്റ്റീരിയൽ സ്റ്റാഫ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ അനുപാതം എത്രയാണെന്നും ഇതിന്റെ ദേശീയ ശരാശരി എത്രയെന്നും അറിയിക്കുമോ; | (എ) | നിലവിൽ കെ.എസ്.ആർ.റ്റി.സി.യിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ അനുപാതം 0.5036 ആണ്. ദേശീയ ശരാശരി സംബന്ധിച്ച വിവരം ലഭ്യമല്ല. |
| (ബി) | ഈ അനുപാതം ടി സ്ഥാപനത്തിന്റെ സാമ്പത്തിക കെട്ടുറപ്പിന് അനുയോജ്യമല്ലെന്ന് നാളിതുവരെ സ്ഥാപനത്തെക്കുറിച്ച് സുശീൽഖന്ന ഉൾപ്പെടെയുള്ള വിദഗ്ധർ നടത്തിയ പഠനം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | പ്രൊഫ സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ട് പ്രകാരം ബസ്സ് - ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. ഇത്തരത്തിൽ എല്ലാ തസ്തികകളിലുമായി നിലനിൽക്കുന്ന കൂടുതൽ ജീവനക്കാരുടെ എണ്ണം കുറയ്ക്കേണ്ടത് സ്ഥാപനത്തിന്റെ തുടർ പ്രവർത്തനങ്ങൾക്ക് അനിവാര്യമാണെന്ന പരാമർശം പ്രൊഫ സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിൽ ഉണ്ട്. ടി നിർദ്ദേശം പാലിക്കുന്നതിനായുള്ള വിവിധ നടപടികൾ പുരോഗമിക്കുകയാണ്. |
| (സി) | മിനിസ്റ്റീരിയൽ സ്റ്റാഫിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ പലതും കെ.എസ്.ആർ.ടി.സി യിലെ കണ്ടക്ടർക്കോ ഡ്രൈവർക്കോ ലഭിക്കുന്നില്ലെന്നതിന്റെ കാരണം പരിശോധിക്കുമോ; | (സി) യും (ഡി) യും | കെ.എസ്.ആർ.റ്റി.സി.യിൽ അർഹമായ ആനുകൂല്യങ്ങൾ അതത് വിഭാഗങ്ങൾക്ക് നൽകി വരുന്നു. അനർഹമായി ആനുകൂല്യങ്ങൾ മിനിസ്റ്റീരിയൽ സ്റ്റാഫിന് നൽകുന്നില്ല. |
| (ഡി) | കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും ഇതേ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ